**കൊടുങ്ങല്ലൂർ കെ. കെ. ടി. എം. കോളേജിന്റെ നിർമ്മാണച്ചെലവ്**

**4 (1059)** പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ കെ. കെ. ടി. എം. കോളേജിന്റെ കെട്ടിടങ്ങളുടെ നിർമ്മാണ ചെലവിന്റെ ബാക്കി തുകകൂടി നൽകുന്നതിന് വേണ്ടിവരുന്ന തുക ബഡ്ജറ്റിൽ വകകൊള്ളിക്കാമോ ?

ഉത്തരം

ഹൈക്കോടതി ഉത്തരവ് അനുസരിച്ച് 52 ലക്ഷം രൂപ 31-12-1999 ന് മുൻപ് ഉടമ്പടിക്കാരന് നൽകേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്നതിനായി വിശദവിവരങ്ങൾ നൽകാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

**കുമ്പളയിൽ ട്രഷറി**

**5 (1060)** ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുമ്പളയിൽ ഒരു ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

കുമ്പളയിൽ ഒരു ട്രഷറി സ്ഥാപിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് സൂപ്രണ്ട് തസ്തിക**

**6 (1061)** ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഹെഡ് ഓഫീസിൽ 1999 സെപ്തംബർ വരെ എത്ര ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുണ്ടായിരുന്നു ;

(ബി) പ്രസ്തുത വകുപ്പ് പുനഃസംഘടിപ്പിച്ച് ശക്തമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഹെഡ് ഓഫീസിലേയ്ക്ക് രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക കൂടുതലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പു ഡയറക്ടർ 1995-ലും പിന്നീട് 1998-ലും സർക്കാർ മുൻപാകെ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ ഇതിനകം എന്തെല്ലാം നടപടി എടുത്ത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരമൊരു ശുപാർശ സർക്കാർ മുൻപാകെ സമർപ്പിച്ചതിനു ശേഷം പ്രസ്തുത വകുപ്പ് ഡയറക്ടർ ഡയറക്ടറേറ്റിൽ നിന്നും ഓഫീസ് സൂപ്രണ്ടിന്റെ ഒരു തസ്തിക അവിടെ നിന്നും മാറ്റിക്കൊണ്ടു പോകാനോ കുറവു ചെയ്യാനോ നിർദ്ദേശങ്ങൾ സമർപ്പിച്ചുവോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly